കോടി രൂപ സംസ്ഥാന വിഹിതമായും ലഭിച്ചിട്ടുണ്ട്. 2010-11 വർഷത്തിൽ 200 കോടി രൂപയ്ക്കുള്ള അംഗീകാരമാണ് കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ചത്.

(ബി) 2009-10 വർഷത്തിൽ 60 സർക്കാർ യു.പി.സ്കൂളുകൾ ഹൈസ്കൂളുകളാക്കി ഉയർത്താൻ സ്കൂൾ ഒന്നിന് 58.12 ലക്ഷം രൂപ പ്രകാരം ആകെ 34.87 കോടി രൂപയും, വാർഷിക ഗ്രാന്റായി 1019 സർക്കാർ ഹൈസ്കൂളുകൾക്ക് സ്കൂൾ ഒന്നിന് 65,000 രൂപവീതം ആകെ 6.62 കോടി രൂപയും, സർക്കാർ/എയ്ഡഡ് ഹൈസ്കൂളുകളിൽ അഞ്ച് ദിവസത്തെ അദ്ധ്യാപകപരിശീലനത്തിനായി ഒരു അദ്ധ്യാപകന് 1000 രൂപാ നിരക്കിൽ 5.45 കോടി രൂപയുമാണ് ആർ.എം.എസ്.എ. പദ്ധതി പ്രകാരം അനുവദിച്ചത്. കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാന സർക്കാരിൽ നിന്നും ആദ്യ ഗഡുവായി ലഭിച്ച 24.29 കോടി രൂപയിൽ 6.62 കോടി രൂപ വാർഷിക ഗ്രാന്റായി എല്ലാ സർക്കാർ ഹൈസ്കൂളുകൾക്കും നൽകിയിട്ടുണ്ട്. ഈ തുക സംസ്ഥാനത്ത് ആർ.എം.എസ്.എ.യ്ക്കായി രൂപീകരിച്ച സെക്കന്ററി എഡ്യൂക്കേഷൻ ഡെവലപ്മെന്റ് സൊസൈറ്റി ഓഫ് കേരളയുടെ ബാങ്ക് അക്കൗണ്ടിൽ നിന്നും എല്ലാ സർക്കാർ ഹൈസ്കൂളുകളിലും ആരംഭിച്ചിട്ടുള്ള സ്കൂൾ മാനേജ്മെന്റ് ഡെവലപ്മെന്റ് കമ്മിറ്റിയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് ഇന്റർനെറ്റ് ട്രാൻസ്ഫർവഴി വിതരണം ചെയ്യുകയാണ് ചെയ്തിട്ടുള്ളത്.

(സി) എയ്ഡഡ് മേഖലയിൽ രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ ഫണ്ട് അദ്ധ്യാപക പരിശീലനത്തിനു മാത്രമേ നൽകുകയുള്ളു.

(ഡി) 2009-10 വർഷത്തിൽ വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന കാസർഗോഡ്, വയനാട്, ഇടുക്കി, പാലക്കാട് എന്നീ ജില്ലകളിലെ 60 സർക്കാർ യു.പി. സ്കൂളുകൾ ഹൈസ്കൂളുകളാക്കാൻ അനുവാദം ലഭിച്ചിരുന്നു. 2011-12 വർഷത്തെ വാർഷിക പ്ലാനിൽ അവികസിതമായ മലബാർ മേഖലയ്ക്കും പിന്നാക്കം നിൽക്കുന്ന ജില്ലകൾക്കും കൂടുതൽ ശ്രദ്ധ കൊടുക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

ആർ.എം.എസ്.എ. പദ്ധതിപ്രകാരം ഹൈസ്കൂളായി ഉയർത്താൻ ശുപാർശ ചെയ്യപ്പെട്ട സ്കൂളുകൾ

10 (2011) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രസർക്കാരിന്റെ ആർ.എം.എസ്.എ. പദ്ധതിയിൽപ്പെടുത്തി ഏതെല്ലാം സർക്കാർ യു.പി. സ്കൂളുകൾ ഹൈസ്കൂളായി ഉയർത്തുന്നതിന് ശുപാർശ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം യു.പി. സ്കൂളുകളാണ് പ്രസ്തുത പദ്ധതി പ്രകാരം ഹൈസ്കൂളായി ഉയർത്താൻ വിദ്യാഭ്യാസ ഗുണമേന്മാ സമിതി ശുപാർശ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇങ്ങനെ ഉയർത്തപ്പെടുന്ന സ്കൂളുകൾക്ക് എന്തെല്ലാം ധനസഹായങ്ങളാണ് ലഭ്യമാക്കുകയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 210 സർക്കാർ യു.പി. സ്കൂളുകൾ ഹൈസ്കൂളുകളാക്കി ഉയർത്തുന്നതിന് സംസ്ഥാനം ശുപാർശ ചെയ്തിരുന്നു. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. എന്നാൽ 2010-11 സാമ്പത്തിക വർഷം 37 സ്കൂളുകൾ ഹൈസ്കൂളുകളായി ഉയർത്തുന്നതിന് മാത്രമാണ് കേന്ദ്രസർക്കാർ അനുവാദം നൽകിയിട്ടുള്ളത്.

(ബി) 2010-11-ൽ മേൽപ്പറഞ്ഞ 210 സ്കൂളുകൾ.

(സി) അടിസ്ഥാന സൗകര്യ വികസനത്തിനായി ഒരു സ്കൂളിന് 58.12 ലക്ഷം രൂപയാണ് ധനസഹായമായി ലഭിക്കുക. കൂടാതെ അദ്ധ്യാപക-അനദ്ധ്യാപകരുടെ ശമ്പളവും ആർഎംഎസ്എ. ഫണ്ടിൽ നിന്നും വഹിക്കുന്നതാണ്.

അംഗീകൃതമല്ലാത്ത സ്കൂളുകൾ

11 (2012) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അംഗീകൃതമല്ലാത്ത എത്ര സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവയിൽ എത്ര കുട്ടികൾ പഠിക്കുന്നുണ്ട് ;

(സി) സി.ബി.എസ്.ഇ. അഫിലിയേഷന് വേണ്ടി സർക്കാരിന്റെ എൻ.ഒ.സി.ക്കായി അപേക്ഷ നൽകിയ എത്ര സ്ഥാപനങ്ങളുണ്ട് ;

(ഡി) ഇത്തരം സ്ഥാപനങ്ങളുടെ കാര്യത്തിൽ സർക്കാരിന്റെ നിലപാട് വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകളെപ്പറ്റി ആധികാരികമായ വിവരശേഖരണം നടത്തിയിട്ടില്ല.

(ബി) കുട്ടികളുടെ എണ്ണം ലഭ്യമല്ല.

(സി) നിലവിൽ 84 സ്ഥാപനങ്ങൾ എൻ.ഒ.സി.ക്കായി വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ഡി) എൻ.ഒ.സി. നൽകുന്ന കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly